**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3588** **15-02-2024 - ൽ മറുപടിയ്ക്ക്**

**പരപ്പനങ്ങാടി സബ് രജിസ്ട്രാർ ഓഫീസ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പി. എ. മജീദ്** | | **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി (രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി)** | |
| (എ) | തിരൂരങ്ങാടി മണ്ഡലത്തിലെ പരപ്പനങ്ങാടി സബ് രജിസ്ട്രാർ ഓഫീസ് നിർമ്മാണം ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | *ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരപ്പനങ്ങാടി സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടം കിഫ്ബി മുഖേന നിർമ്മിക്കുന്നതിനു 05/12/2017 തീയതിയിൽ ഭരണാനുമതി നൽകുകയും ടെണ്ടർ നടപടികൾ പൂർത്തിയാക്കി 5/10/2018 തീയതിയിൽ കെട്ടിട നിർമ്മാണ പ്രവൃത്തിക്ക് കരാർ നൽകുകയുമുണ്ടായി. തുടർന്ന് കെട്ടിടത്തിന്റെ ഫൗണ്ടേഷൻ ജോലിക്ക് മുമ്പുള്ള മണ്ണ് പരിശോധനയിൽ മണ്ണിന് ബലക്ഷയമുള്ളതായി കണ്ടെത്തിയതിനെ തുടർന്ന് കരിങ്കല്ല് ഫൗണ്ടേഷനു പകരം പൈലിംഗ് ചെയ്ത് ഫൗണ്ടേഷൻ നിർമ്മിക്കേണ്ടതിനാൽ, ആയത് പ്രകാരം റീടെൻഡർ വിളിക്കുന്നതിന് പുതുക്കിയ 2018 ലെ ഡി.എസ്.ആർ. നിരക്ക് പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി റ്റി എസ് കമ്മിറ്റിക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.* |
| (ബി) | നിർമ്മാണ ഉദ്ഘാടനം നിർവഹിച്ചിട്ടും പ്രവൃത്തി ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; പ്രസ്തുത പ്രവൃത്തി എപ്പോൾ ആരംഭിക്കാനാകുമെന്ന് അറിയിക്കാമോ? | (ബി) | പിരിവ് (എ) യിൽ ചേർത്തിരിക്കുന്നു . |

സെക്ഷൻ ഓഫീസർ